# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: 0471-2311215, 6238170312, e-mail: kswcfcscholarship@gmail.com
Website: www.kswcfc.org

## വിദ്യാസമുന്നതി സ്കോളർഷിപ്പ് (2023-24) – ബിരുദാനന്തര ബിരുദതലം- അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ വിദ്യാഭ്യാസ ,റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധമായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന്ശേഷം സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- ഓരോ വർഷവും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വർഷത്തെ ധനസഹായത്തിന് മുൻ വർഷങ്ങളിൽ നൽകിയ അപേക്ഷ പരിഗണിക്കുന്നതല്ല.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് അയയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
- **ഇന്റഗ്രേറ്റഡ് കോഴ്സുകൾ (5 വർഷം) പഠിക്കുന്ന വിദ്യാർത്ഥികൾ 4, 5 വർഷങ്ങളിലെ സ്കോളർഷിപ്പിനായി പോസ്റ്റ് ഗ്രാജേഷൻ വിഭാഗത്തിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. (+2/ തത്തുല്യ സർട്ടിഫിക്കറ്റാണ് അപ്‌ലോഡ് ചെയ്യേണ്ടത്).**
- കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരിൽ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകൾ വഴി മാത്രം അഡ്മിഷൻ ലഭിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. **(അതാത് സ്ഥാപനങ്ങൾ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ കേരളത്തിന് പുറത്ത് പഠിക്കുന്നവർ സ്കോളർഷിപ്പിന് അർഹരല്ല).**

അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷ വഴിയാണ് പ്രവേശനം ലഭിച്ചത് എന്ന് തെളിയിക്കുന്ന രേഖ Upload ചെയ്യേണ്ടതാണ്.

- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്തനക്ഷമമായ/ സാധു വായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- കുറഞ്ഞവരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. **ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/സാധുത ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും**.
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- **ഇ-ഗ്രാന്റ് ഒഴികെ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈപന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല**. ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 12 % കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ **അയച്ചുതരേണ്ടതില്ല**.
- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 06/02/2024.**

# <u>വിദ്യാസമുന്നതി സ്കോളർഷിപ്പ് – വിശദാംശങ്ങൾ</u>

<table>
<tr><th colspan="2">വിദ്യാസമുന്നതി–സ്കോളർഷിപ്പ്(2023-24)</th><th>പ്രതിവർഷ സ്കോളർഷിപ്പ് തുക (2023-24)</th><th>സ്കോളർഷിപ്പുകളുടെ എണ്ണം (ഫണ്ടിന് ആനുപാതികമായി)</th><th>അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ</th><th colspan="2">അടിസ്ഥാന യോഗ്യത</th><th>അപേക്ഷയോടൊപ്പം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ</th></tr>
<tr><td rowspan="5">ബിരുദാനന്തര ബിരുദം</td><td>പ്രൊഫഷണൽ</td><td>16,000/-</td><td>225</td><td rowspan="5">കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയവിദ്യാഭ്യാസ റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, കേരളത്തിന് പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകൾ വഴി മാത്രം അഡ്മിഷൻ ലഭിക്കുന്ന കോഴ്സുകൾ.</td><td colspan="2">• അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35വയസ്സ് തികയുവാൻ പാടില്ല.<br>• ഇന്റഗ്രേറ്റഡ് കോഴ്സുകൾ ചെയ്യുന്നവർക്ക് +2 തലത്തിൽ 70% മാർക്ക് ഉണ്ടായിരിക്കണം.<br>• ബിരുദതലത്തിൽ, താഴെപ്പറയും പ്രകാരം മാർക്ക് നേടിയവർ മാത്രമേ അപേക്ഷിക്കാവൂ</td><td rowspan="5">• കോളേജ് അധികാരി യിൽ നിന്നുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്)<br>• വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).<br>• ജാതി തെളിയിക്കുന്ന രേഖ -വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖ പ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല)<br>• ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റ് (ഇന്റഗ്രേറ്റഡ് കോഴ്സുകൾ ചെയ്യുന്നവർ +2 സർട്ടിഫിക്കറ്റ്)<br>• മാർക്ക് ലിസ്റ്റ് (എല്ലാ പേജുകളും)<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ് (അക്കൗണ്ട് നമ്പർ, IFSC,ബ്രാഞ്ച് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം).<br>• SSLC സർട്ടിഫിക്കറ്റിന്റെ ആദ്യ പേജ്</td></tr>
<tr><td rowspan="4">നോൺ പ്രൊഫഷണൽ</td><td rowspan="4">10,000/-</td><td rowspan="4">1500</td><td>a.സയൻസ്</td><td>60 % മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>b.ആർട്ട്സ് & കോമേഴ്സ്</td><td>55% മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>c. നിയമം & മാനേജ്മെന്റ്</td><td>55% മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
<tr><td>d. മെഡിക്കൽ& ടെക്നിക്കൽ</td><td>55 % മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td></tr>
</table>